## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1092 | 05.03.2018 -ൽ മറുപടിയ്ക്ക്

## തങ്കശ്ശേരിയിലെ സെമിത്തേരി വക ഭൂമി

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ.എം. മുകേഷ് | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) കൊല്ലം വെസ്റ്റ് വില്ലേജിലെ തങ്കശ്ശേരി പൈതൃക മേഖലയിലെ ഡച്ച്-ബ്രിട്ടീഷ് സെമിത്തേരി വക ഭൂമിയുടെ ഉടമസ്ഥാവകാശം ആരിൽ നിക്ഷിപ്തമാണ്; പ്രസ്തുത ഭൂമിയുടെ കൈവശാവകാശം, സംരക്ഷണ ചുമതല എന്നിവ സർക്കാർ ഏജൻസികളെയോ മറ്റേതെങ്കിലും സ്ഥാപനങ്ങളെയോ ഏൽപ്പിച്ചിട്ടുണ്ടോ എന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) കൊല്ലം വെസ്റ്റ് വില്ലേജിലെ റിക്കോർഡുകൾ പ്രകാരം ഡച്ച്-ബ്രിട്ടീഷ് സെമിത്തേരി വക എന്ന പേരിൽ ഭൂമി ഒന്നും തന്നെ സബ് ഡിവിഷൻ ചെയ്തു വന്നതായി കാണുന്നില്ല. ആയതിനാൽ ഈ സ്ഥലത്തിന്റെ സംരക്ഷണ ചുമതല, കൈവശാവകാശം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) തങ്കശ്ശേരി പൈതൃകമേഖലയിലെ ബക്കിംഗ് ഹാം കനാൽ പ്രദേശം വ്യാപകമായി കയ്യേറിയിട്ടുണ്ടെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രദേശം സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) ഉണ്ട്. പ്രസ്തുത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂ സംരക്ഷണ നിയമം - 1957 പ്രകാരം നടപടി സ്വീകരിയ്ക്കുന്നതിനായി കൊല്ലം കോർപ്പറേഷൻ സെക്രട്ടറിക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

BN